# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,
വെള്ളാനിക്കര.


**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## പാലക്കാട്


**Email: kauagmet@yahoo.co.in, cohagmet@kau.in**


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 06/18(12), വെള്ളിയാഴ്ച** **തീയ്യതി 09.02.2018**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 10.02.2018 | 11.02.2018 | 12.02.2018 | 13.02.2018 | 14.02.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 3 | 0 | 1 | 0 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 4 | 5 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 70 | 70 | 70 | 70 | 70 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | - | പുഞ്ചകൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നില നിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുക. തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുക. തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുക. മണ്ണിന്റെ താപനില ക്രമീകരിക്കാൻ ജൈവാംശം നിലനിർത്തുക. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| ഇഞ്ചി, മഞ്ഞൾ, കുരുമുളക് | വിളവെടുപ്പ് | ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയിൽ വിളവെടുപ്പ് തുടങ്ങാം. കുരുമുളക് കൊടിയുടെ ചുവട്ടിൽ പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാം. |
| പച്ചക്കറികൾ | എഫിഡുകൾ | അന്തരീക്ഷതാപനില കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റികുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടുവാൻ സാധ്യതയുു്. എഫിഡുകളെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളിസോപ്പ് മിശ്രിതം തളിക്കുക. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |